

# നസ്രാണി

ശ്ലീഹാ 2010

# റമ്പാൻപാട്ട്

# ആമുഖം

റമ്പാൻ പാട്ട് ഇന്നത്തെ രൂപത്തിൽ എഴുതിയത് 1601 ൽ നിരണത്ത് മാളിയേക്കൽ തോമ്മാറമ്പാൻ 48-)മൻ ആണ്. നമ്മുടെ പിതാവ് മാർതോമ്മാ ശ്ലീഹായുടെ ശിഷ്യനായ മാളിയേക്കൽ തോമ്മാറമ്പാൻ ഒന്നാമനിൽ നിന്നുകേട്ട വൃത്താന്തം പരമ്പരയായി കൈമാറിപ്പോന്നു. രണ്ടാം നൂറ്റാണ്ടിൽ ഉണ്ടായ മത പീഡന കാലത്ത് ഈ വൃത്താന്തം ആദ്യമായി ലിഖിത രൂപം പൂണ്ടു. ഇവ എഴിതിയതു മാളിയേക്കൽ തോമ്മാ റമ്പാൻ രണ്ടാമനാണ്. മലങ്കരയിൽ ഉണ്ടായിരുന്ന കഥകൾ മ്ശിഹാക്കാലം 180 നും 250 നും ഇടയ്ക്ക് എദേസായിൽ വെച്ചു സുറിയാനിയിൽ എഴുതപ്പെട്ടു. ദക്ഷിണേന്ത്യയിൽ നിന്നു വന്ന മാർത്തോമ്മാ കഥകളും, പാർത്തിയാ, വടക്കു പടിഞ്ഞാറൻ ഇന്ത്യാ എന്നിവിടങ്ങളിൽ നിന്നുള്ള മാർത്തോമ്മാകഥകളും കൂട്ടികലർത്തിയാണ് അതിൽ എഴുതിട്ടുള്ളത്. സുറിയാനി, ഗ്രീക്ക് എന്നീ ഭാഷകളിലും രണ്ടു വ്യത്യസ്ത കൃതികളിലായി ലത്തീൻ ഭാഷയിലും ഇവ എഴുതപ്പെട്ടു. മൂന്നും, ആറും നൂറ്റാണ്ടുകൾക്കിടയിൽ അവയെല്ലാം വിരചിതമായി. പക്ഷേ അവയെക്കാളെല്ലാം പ്രാചീനത റമ്പാൻ പാട്ടിന്റെ പൂർവ്വരൂപത്തിനുണ്ട്. കലർപ്പില്ലാത്ത ദക്ഷിണേന്ത്യൻ കഥകൾ ആണ് റമ്പാൻ പാട്ടില്ലുള്ളത്.പല തവണ പകർത്തി എഴുതപ്പെട്ടപ്പോൾ ഭാഷ, ചരിത്രാംശങ്ങൾ എന്നിവ പരിവർത്തന വിധേയമായിട്ടുണ്ടാവും. മാർത്തോമ്മാ മാർഗ്ഗം മ്ശിഹാ മാർഗ്ഗത്തിന്റെ ഇന്ത്യൻ പതിപ്പാണെന്ന ശ്ലൈഹിക പാരമ്പര്യം റമ്പാൻ പഠിപ്പിക്കുന്നു. വേദ പുസ്തകത്തോടൊപ്പം ചേർത്തുവച്ചു വായിക്കേണ്ടതാണ് ഹെന്ദോയിലെ മലങ്കര മാർത്തോമ്മാ നസ്രാണികളുടെ ഈ പൈതൃകം.

കൂനമ്മാക്കൽ തോമ്മാ കത്തനാർ

1 സാക്ഷാൽദൈവംമൂവ്വൊരുവൻതാൻ
2 മാർത്തോമ്മായുടെസുകൃതത്താൽ
3 സൂക്ഷ്മമാതായിചരിതംപാടുവ-
4 തിന്നടിയനു തുണയരുളെണമെ
5 മർത്ത്യവതാരം ചെയ്തൊരുഞങ്ങടെ
6 രക്ഷകനാമേകൻ മിശിഹാ (1)
7 മാർത്തോമ്മായാൽ തന്നഗുണങ്ങൾ
8 ഇന്നും പുതുതായരുളണമെ
9 ദൈവ ഗുണങ്ങൾക്കമ്മെയിതെന്നയ്
10 മാർത്തോമ്മാകാട്ടിയനാഥൻ
11 തന്നുടെ മാതാവാകിയമറിയം (2)
12 എന്നിൽക്യപ ചെയ്തരുളണമെ
13 ദൈവകുമാരൻ തന്നുടെ മാർഗ്ഗം
14 കേരളമായതിൽവന്നവിധം
15 ദൈവത്തിൻ ക്യപയാലതിനെ ഞാൻ
16 എളുതായിവിടെപാടുന്നു
17 അരുൾമാർഗ്ഗത്തിൻഗുരുവരനാകിയ
18 മമനാമകനാം മാർത്തോമ്മാ
19 പെരുമാൾ ചൊഴന്റാളായുള്ളൊരു
20 രാവാനോടുസഹിതംകൂടി
21 അറബിയായിൽക്കപ്പൽകയറി
22 മാല്യാൻകരെവന്നെത്തിയിത
23 അറിവിൻപറവെൻമിശിഹാകാലം
24 അമ്പതുധനുവംരാശിയതിൽ.

---

(1) 6 രക്ഷകനീശോതന്നുടെശ്ലീഹാ

(2) 10 മാർത്തോമ്മാകാട്ടിയനാഥ

11 ദൈവത്തിൻ മാതാവാം മറിയം

അതിശയകൃതിയാലഷ്ടദിന കൊ
ണ്ടവിടെമാർഗ്ഗം സ്ഥാപിച്ചു .
അതിനുടെശേഷംധൃതഗതികൊണ്ടു
ഉടനെ മൈലാപ്പൂരെത്തി
നാലരമാസംതാനവിടെയറിയി-
ച്ച്ചതിൽപിൻചീനത്തെത്തി
നാലരമാസമവിടെയുമറിയി-
ച്ചങ്ങനെമൈലാപ്പൂർവന്നു
ഏതാനുംചിലമുതലുകൾകൂടെ
ചോഴപ്പെരുമാളിൽനിന്നു
ഏതാനുംചിലപണികൾക്കായി
വീണ്ടും മാർത്തോമ്മാവാങ്ങി
എളിയജനങ്ങടെയാദരവിന്നായ്
ആമുതലെല്ലാം ചിലവാക്കി
എളിയജനത്തിൻ ദാതാവായി-
ട്ടറിയിച്ച്ചു താൻ മാർഗ്ഗത്തെ
ഒരുമാസത്തിനിടയിൽ തിരികെ
കേരളനാട്ടിൽതാൻവരുവാൻ
തിരുവഞ്ചിക്കുളത്തരചൻമരുമക-
നാദേശത്തിൽചെന്നെത്തി
തൃക്കാൽമുത്തിയപേക്ഷകഴിച്ചു
കപ്പലിൽയാത്രഅവർചെയ്തു.
തർക്കംകൂടാ തംബത്തോന്നാം
ധനുവിൽമാല്യാങ്കരെവന്നു
രാജകുടുംബത്തോടെ കാവ്യർ
മൂവായിരമവിശ്വാസികളും (3)

---------------------------------------------------

(3) 50 നാലായിരമവിശ്വാസികളും

51 രാജ്യത്തിങ്കൽവന്നുവസിക്കും
52 നാൽപതുയൂദഗണങ്ങളുമായ് (4)
53 ഒന്നരവർഷങ്ങൾകുള്ളിടയിൽ
54 മാമ്മോദീസ്സാകൈകൊണ്ടു
55 വന്ദനങ്ങൾക്കായ് സ്ഥപിച്ചിവിടെ
56 സ്ലീവായോടെആലയവും
57 വേദഗുരുക്കളുമാചാര്യർകളു-
58 മാവാനായൊരുനന്മകളും
59 വേദരഹസ്യത്തിന്നറിവുകളും
60 പരസമ്മതമായ്താൻനല്കി
61 അരചാളുന്നൊരുമന്നവനാകും
62 അന്ത്രയോസേന്നാളുടെ
63 മരുമാകനാകുംകെപ്പായിക്കു
64 കല്പിച്ചുതാൻഗുരുപ്പട്ടം
65 കല്ലാംകേപ്പായെകൂട്ടാക്കി
66 ദക്ഷിണദേശേതാൻപോയി
67 കൊല്ലംഗ്രമമതിലൊരുവർഷം
68 അറിയിച്ചുതാൻമാർഗ്ഗത്തെ
69 ഒരായിരമൊടുനാനൂർപേരെ (5)
70 മാമ്മോദീസായുംമുക്കി
71 ആരാധനകൾക്കായൊരുസ്ലീവാ
72 സ്ഥാപിച്ചുതാനവിടത്തിൽ
73 കിഴക്കുവടക്കായ്നടകൊണ്ടങ്ങനെ
74 തൃക്പാലേശ്വരത്തെത്തി
75 അഴകാലവിടെയുമൊരുവർഷത്തിട

------------------------------------------------------------

(4) 52 നാല്പതുയൂദജനങ്ങളുമായ്

69 ഈരായിരമൊടുനാനൂർപേരെ

76 അറിയിച്ചുതാൻമാർഗ്ഗത്തെ

77 ഓരായിരമോടിരുനൂർപേരെ

78 മാമ്മോദീസായും‍ംമുക്കി

79 ആരാധനകൾക്കായൊരുസ്ലീവാ

80 സ്ഥാപിച്ചുതാനവിടെയ്ക്കും

81 കിഴക്കൻവഴിയായവിടുന്നുടനെ

82 മലനഗരംചായൽക്കെത്തി

83 പിഴയാതവിടെയുമൊരുവർഷത്തിട

84 അറിയിച്ചുതാൻമാർഗ്ഗത്തെ

85 ഓരായിര മൊടോരുനൂർപേരെ (6)

86 മാമ്മോദീസായും‍ംമുക്കി

87 ആരാധനമുറയോടെസ്ലീവ

88 സ്ഥാപിച്ചുതാനവിടെയ്ക്കും

89 തിരികെ താനവിടേയ്ക്ക് വരുവാൻ

90 തൃക്പാലേശ്വരമൂപ്പന്മാർ

91 ഇരുവരുടേയുംമുട്ടിപ്പാലെ

92 അവരോടെതാൻ യാത്രയുമായ്

93 ശുദ്ധതയോടിവർവന്ദിക്കുന്ന

94 സ്ലീവായെആഗ്രാമക്കാർ

95 അശുദ്ധതചെയ്തവർനിന്ദിച്ചതിനാൽ

96 ശാപംചെയ്തിതുഗ്രാമത്തെ

97 ഇരുമാസങ്ങൾക്കിടകൊണ്ടവിടെ

98 കർമാദികളെചെയ് വാനായ്

99 അരുൾവേദറിവുകൾ സകലത്തേയും

100 പരസമ്മതമായ് നല്കിതാൻ

101 ഇരുമന്നവരിൽ തോമ്മായെതാൻ

102 ഗുരുപ്പട്ടത്തിൽസ്ഥാപിച്ചു

---

(6) 8 ഈരായിരമോടെണ്ണൂർപേരെ

103 ഇരുനൂർപേർക്കവിടത്തിൽവീണ്ടും

104 മാമ്മോദീസായുംചെയ്തു

105 അവിടത്തിൻ മുൻ സ്ഥാപിച്ചുള്ളൊരു

106 സ്ലീവായെപിഴുതുടനെതാൻ

107 അവിടത്തിന്നെതിർതെക്കെഭാഗം

108 നിരണത്തിൽ സ്ഥാപിപ്പാനായ്

109 ആചാര്യൻതോമ്മായെന്നാൾക്കും

110 ശെമങാനും താനെല്പിച്ചു

111 ആചാരത്തിനൊരാലയമവിടെ

112 കല്പിച്ചുടനെതാൻവാങ്ങി

113 വടമേക്കായ്നടകൊണ്ടുഗൊക്ക

114 മംഗലഗ്രാമേതാൻചെന്നു

115 പിഴയാതവിടെയുമൊരുവർഷത്തിട

116 അറിയിച്ചു താൻ മാർഗ്ഗത്തെ

117 ഒരായിരമോടറുനൂർപേരെ (7)

118 മാമ്മോദീസായുംമുക്കി

119 ആരാധനമര്യാദകളോടെ

120 സ്ഥാപിച്ചവിടെസ്ലീവായും

121 അവിടന്നുടനെ നടകൊണ്ടങ്ങനെ

122 കോട്ടക്കായൽചെന്നെത്തി

123 അവിടെയുമതുപോലൊരുവർഷത്തിട

124 മാർഗ്ഗ ത്തേയുമറിയിച്ചപ്പോൾ

125 ഒരായിരമൊടെഴുനൂറ്റെഴുപതു (8)

-----------------------------------------------------------

(7) 117 ഒരായിരമോടൊരുനൂർപേരെ

117 ഒരായിരമോടഞ്ഞൂർപേരെ

(8) 125 ഒരായിരമോടൊരുനൂറ്റെഴുപതു

125 ഈ രായിരമോടെയിരുനൂർപെർ

126 പേരേ മാമ്മോദീസാമുക്കി

127 ആരാധന സ്ലീവായോടുമുറകൾ

128 കല്പിച്ചു താനവിടെയ്ക്കും

129 തെക്കൻവഴിയായ് യാത്രപോയി

130 മാല്യാംകരയിൽചെന്നെത്തി

131 തക്കവിധം പൊലൊക്കയുമവിടെ

132 കണ്ടതിനാൽസന്തോഷിച്ചു

133 അരമാസത്തെ പാർപ്പിനുശേഷം

134 ഉത്തരഭാഗേനടകൊണ്ടു

135 അരമാസത്തെയിടകൊണ്ടങ്ങനെ

136 പാലൂർഗ്രാമംചെന്നെത്തി

137 ഒരു വർഷത്തിടയവിടങ്ങളിലും (9)

138 മാർഗ്ഗത്തെയറിയിച്ച്ചപ്പോൾ

139 ഒരായിരമോടമ്പത്പേരെ

140 മാമ്മോദീസാമുക്കിയശേഷം (10)

141 വന്ദന നിഷ്ടകളെല്ലാറ്റെയും

142 ആയവരൊക്കെച്ചെയ് വാനായ്

143 സുന്ദര ഭാഷയിലൊരുസ്ലീവായും

144 സ്ഥാപിച്ചുതാനവിടത്തിൽ

145 അമ്പത്തോന്പതു കന്നിയുടന്ത്യം

146 ചോഴന്റാളുംവന്നെത്തി

147 ഇമ്പത്തോടവരോടെതാനും

148 മൈലാപ്പൂർക്കായ് നടകൊണ്ടു

149 കോവിലകത്തിൻപണിയുടെകാര്യം

---

(9) 137 ഒരുമാസത്തിടയവിടങ്ങളിലും

139 ഓരായിരമോടിരുനൂറ്റെമ്പതു

140 പേരേമാമ്മോദീസായുംമുക്കി

150 ചോഴപ്പെരുമാൾചോദിച്ചു (11)

151കോവിലകപ്പണികാണാഞ്ഞതിനാൽ

152 തന്നെവിലങ്ങിൽപാർപ്പിച്ചു

153 കോപധിക്യവശക്കേടാലെ

154 മരണംപ്രാപിച്ചോൻതമ്പി

155 കോപമടക്കിത്തെളിവാൻതക്കോ-

156 രാലയമവനവിടെകണ്ടു

157 ഉയിർപ്രാപിച്ചുടതിനുടെവിസ്മയ-

158 മഗ്രജനോടറിയിക്കുന്നു.

159 നയനവിധമതിനേയവനാക്കാൻ

160 വളരെയപേക്ഷകൾചെയ്യുന്നു.

161 മന്നവരിരുവരുമവരുടെപരിചാ-

162 രകരെല്ലാവരുമൊരുമിച്ച്

163 ഉന്നതമായൊരു ഘോഷത്തോടെ

164 പാറാവിങ്കൽ ചെല്ലുന്നു.

165 മാർത്തോമ്മായെതങ്ങടെതേരിൽ

166 കേറ്റിക്കൊണ്ടവർപോകുന്നു

167 തീർത്തുകൊടുപ്പാനവരുടെപിഴമേൽ

168 പൊറുതികൾവളരെയിരക്കുന്നു.

169 സത്യമറിവതിനാശിച്ചിട്ടവർ

170 ഓരോവിധമാംചോദ്യത്താൽ

171 സത്യമറിഞ്ഞിട്ടിരുവരുമുടനെ

172 മാമ്മോദീസായും മുങ്ങി

173 അവരോടൊരുമിച്ചീരായിരജന-

174 മുടനെമാർഗ്ഗംകൈക്കൊണ്ടു.

175 അവരുടെയാരാധനസ്ലീവായും

-----------------------------

(11) 149, 150 ഈ വരികൾ ചില പ്രതികളിൽ കാണുന്നില്ല

176 ആലയവുംതാൻ സ്ഥാപിച്ചു.

177 അഴകാലവിടെരണ്ടരവർഷം

178 മാർഗ്ഗത്തെതാനറിയിച്ചു.

179 ഏഴായിരജനമവിടത്തിൽതാൻ

180 മാമ്മോദീസായുംമുക്കി.

181 ചന്ദ്രപുരിയുടെയരചന്മാരാം

182 പത്രോസ് പൗലോസെന്നിവരിൽ

183 സുന്ദരനാംപൗലോസെന്നിപ്പോൾ

184 മേല്പട്ടംതാൻകല്പിച്ചു.

185.ആയാളുടെകീഴ്പാലകരാറു

186 വേദാചാര്യൻന്മാരെയും

187 ആയാളുടെആവിശ്വാസികളുടെ

188 ഭരണത്തിന്നായ്കല്പിച്ചു

189 അവരുടെആസ്തികൾസകലത്തെയും

190 ഏൽപ്പിച്ചുഅവർശ്ലീഹായെ

191 അവരുടെനടപടിയെല്ലാറ്റിന്നും

192 മര്യാദകൾതാൻനിയമിച്ചു. (12)

193 മലയാളത്തിനുതിരികെവരുവാൻ

194 താൻകരയാത്രചെയ്യുമ്പോൾ

195 മാലാകാമാരുടെതുണയാലെ

196 മലയാറ്റൂർതാൻവന്നെത്തി.

197 ഇരുമാസങ്ങളവിടങ്ങളിലും

198 മാർഗ്ഗത്തെതാനറിയിച്ചു,

199 ഇരുനൂറ്റിരൂപതവിശ്വാസികളെ

200 താൻമാമ്മോദീസാമുക്കി.

-------------------------------

(12) 189,190,191,192 ഈ നാലു വരികൾ ചില പ്രതികളിൽ കാണുന്നില്ല

201 അവിടെന്നുടനെനടകൊണ്ടങ്ങനെ

202 പാലൂർഗ്രാമംചെന്നെത്തി

203 അവിടന്നങ്ങനെമാല്യംകരവഴി

204 കോട്ടേക്കായൽചെന്നെത്തി

205 അവിടേന്നങ്ങനെഗോക്കമംഗലത്തും

206 കൊല്ലത്തുംതാൻചെന്നെത്തി

207 അവിടങ്ങളിലോരോവർഷം

208 ഗ്രാമംതോറുംതാൻപാർത്തു

209 ദേവാലയമോടാചാര്യരെയും

210 നടപടിയെല്ലാംവിധിചെയ്തു.

211 അവസാനത്തിൽമുറപോലവർമേൽ

212 റൂഹാവരവുംതാൻനൽകി

213 വീണ്ടും നിരണത്താലയമതിലും

214 ഒരുവർഷത്തിടപാർക്കുമ്പോൾ

215 വേണ്ടവിധത്തിലവരുടെസുകൃതം

216 കണ്ടതിനാൽസന്തോഷിച്ചു.

217 അവസാനത്തിൽറൂഹാവരവും

218 ചെമ്മോർത്തുകളുംതാൻനൽകി

219 അവരിൽത്തോമ്മായാചാര്യനുമായ്

220 ചായൽ മലയിൽ ചെന്നെത്തി

221 ആലയമോടവിടാചാര്യനേയും

222 നടപടിമര്യാദകളെല്ലാം

223 ചേലോടൊരുവർഷത്തിന്നിടകൊ-

224 ണ്ടവിടേയുംതാൻസ്ഥാപിച്ചു.

225 കടശിയിൽറൂഹാദ്ക്കുദ്ശായുടെ

226 വരവും അവരിൽതാൻനൽകി

227 കടശി യിലുള്ളൊരു യാത്രവിവരവു-

228 മവരോടെതാൻവെളിവാക്കി.

229 തന്നോടെപ്പോഴും പിരിയാത്തൊ-

230 രൊന്നാംശിഷ്യൻകേപ്പായെ

231 തന്നുടെയങ്കി ധരിപ്പിച്ച്ചിട്ട-

232 ങ്ങയളുടെ തലമേൽകൈവച്ചു (13)

233 തന്നുടെവിശ്വാസികളുടെഭരണം

234 ആയാളെതാനെല്പിച്ചതിനാൽ

235 തന്നേപ്പോലവർ കൈക്കൊൾ വാനും

236 വിരവോടെതാൻകല്പിച്ചു

237 മറ്റുള്ളോരുടെനാമത്തെക്കാൾ

238 മാർത്തോമ്മായുടെനാമത്തെ

239 മുറ്റം സ്നേഹവണക്കത്തൊടെ

240 ആശിചെറ്റോരാചാര്യൻ

241 മാളിയേക്കൽതോമ്മോനാമത്തി -

242 ന്നെന്നാളത്തെനിലനില്പും (14)

243 എള(ളു?) തായാളുടെ പിതൃവഴിതോറും (15)

244 പട്ടക്കാരുടെപിന്തുടർപ്പും

245 മറ്റുംപലപലചെമ്മോർത്തുകളും

246 അയാൾമേൽവരമായ് കല്പിച്ചു

247 ചെറ്റുംഅറിവിൽകുറയാതുള്ളൊരു

248 റമ്പാൻമാരുടെസ്ഥാനമതും

249 മാർത്തോമ്മാകേരളരാജ്യത്തിൽ

250 എവൻഗേലിയോ നറിയിച്ച്ചേ

251 ന്നൊർത്തറിവിന്നായപുസ്തകവും

---

(13) 231 തന്നുടെകുപ്പായമുടുപ്പിച്ച്ചു

232 ട്ടയാളുടെതലമേൽകൈയ്യുംവെച്ചു

(14) 241-242 ഈ രണ്ടു വരികൾ ചില പ്രതികളിൽ കാണുന്നില്ല

(15) 243 എളയതായാളുടെ പിതൃവഴിതോറും

243 എളിതായാളുടെ പിതൃവഴിതോറും

252 ആ തോമ്മായെ ഏൽപ്പിച്ചു.

253 യാത്രപറഞ്ഞുപിരിഞ്ഞൊരുസമയം

254 ഗാത്രമശേഷംനാഡിതളർന്നു

255 നേത്രാബുക്ഷാളനരോദനവും

256 മിത്രജനങ്ങൾ ക്കത്രയുമുണ്ടായ് (16)

257 മലവഴിയാത്രമുവ്വരുമായി

258 ഏഴരനാഴികപോയിട്ടു

259 മാലാകാമാരുടെതുണയാലെ

260 പാണ്ടിവഴിക്കായ് താൻവാങ്ങി (17)

261 അറുപത്തോന്പത് മേടംരാശിയി -

262 ലെന്നുടെതാതൻമാർത്തോമ്മ

263 അറിവിൽകുറവാംരാജ്യങ്ങൾക്കായ്

264 വാങ്ങുംവരെയുംതാൻചെയ്ത

265 അരുമകലേരുംപുതുമകളെത്ര

266 പെരുമയില്ലുള്ളവയാകുന്നു !

267 അരുതവയെല്ലാംവിവരത്തോടെ

268 ഇവിടെപറവാനൊരുവിധവും

269 അത്ഭുതരക്തമണിഞ്ഞൊരുകൈയ്യുടെ

270 സ്ലീവായടയാളത്താലെ

271 ഉത്ഭുവമാംപ്രത്യക്ഷത്തുകകൾ

272 എളുതായിവിടെപാടുന്നു.

273 ഇരുപത്തൊമ്പത് മൃത്യുഭവിച്ച

274 നരരെതാൻജീവിപ്പിച്ചു.

275 ഇരുന്നൂറ്ററുപതുമർത്യന്മാരുടെ

276 സാത്താനെതാനോടിച്ച്ചു

-------------------------------------------------

(16) 253: 254: 255: 256: ഈ വരികൾ ചില പ്രതികളിൽ കാണുന്നില്ല

(17) 259 മാലാകായുടെതുണയാൽ ശ്ലീഹാ

260 വാങ്ങിയവഴിക്കായ് യാത്രതിരിച്ചു

277 ഇരുന്നൂറ്റിമുപ്പതുകുഷ്ഠക്കാരുടെ

278 ദേഹത്തെതാൻസുഖമാക്കി

279 ഇരുന്നൂറ്റൻപതു കുരുടൻമാരുടെ

280 കണ്കാഴ്ചകളെതാൻനല്കി

281 ഇരുന്നൂറ്റിരുപതുശോഷിച്ചവരുടെ

282 കൈകാലുകളെകുറതീർത്തു. (18)

283 ഇരുപതുനരരുടെജിഹ്വവശക്കേ-

284 ടരുമവിധത്തിൽതാൻതീർത്തു

285 അരുതെന്നെല്ലാവൈദ്യന്മാരുടെ

286 മുപേക്ഷിച്ച്ചുള്ളോരുരോഗികളെ

287 ഇരുനൂറ്റെമ്പത് പേരൊളുംതാ -

288 നുടനെസ്വസ്ഥതക്കാരാക്കി.

289 കാവ്യജനത്തിനന്ധതനീക്കി

290 സത്യഗുണം കൈക്കൊൾവാനായ്

291 ദൈവവശത്താലാകുംനന്മക- (19)

292 ളിത്രയുമധികംതാൻചെയ്തു

293 നരജാതിസ്വഭാവത്തിനുമേലായ്

294 തന്നിൽവിളങ്ങിനസുകൃതത്താൽ

295 നരരാത്മങ്ങൾപതിനേഴായിരത്തി

296 നാന്നൂറ്റെന്പത് താൻ നേടി (20)

297 ആറായിരമൊടെണ്ണൂറ്റന്പത്

298 ബ്രാഹ്മണജാതികളവരിൽ

-----------------------------------------------------

(18) 281 ഇരുനൂറ്റിരുപതുകൈകാൽനാസ്തി

282 ക്കാർക്കവയെപുതുതായ് താൻചെയ്തു

281 ഒരുനൂറ്റിരുപതുകൈകാൽനാസ്തി

282 ക്കാർക്കവയെപുതുതായ് താൻചെയ്തു

(19) 291 ദൈവഗുണത്താലാകും നന്മക-

(20) 296 നാനൂറ്റന്പതുതാൻനേടി.

299. ഇവരിൽകുറവാമീരായിരമൊ-

300. ടഞ്ഞൂറുനവദശക്ഷത്രിയരും

301. അപ്പോൾവൈശ്യർ മൂവായിരമൊ-

302. ടെഴുനൂറ്റെമ്പതുആളുകളും

303.ഇപ്പോൾനാലായിരമൊടിരുനു-

304 റ്റെമ്പതുശൂദ്രജാതികളും (21)

305.ഈവിധമുള്ളൊരുമേൽജാതികളെ (22)

306-മാർഗ്ഗത്തിൻതാൻകൈയ്ക്കൊണ്ടു.

307.അവരിൽ ഇരുപെരുമാളന്മാരെ

308.മെത്രാന്മാരായ് സ്ഥാപിച്ചു.

309.ഗ്രാമത്തലഎഴുമന്നവർമാരെ

310.ഗുരുപ്പട്ടത്തിൽകല്പിച്ചു.

311.ക്ഷേമത്തിന്നായവരിൽനാലുപേരെ

312.റമ്പാൻമാരായ് നിയമിച്ചു.

313.ഇരുപത്തൊന്നുപ്രഭുക്കന്മാർക്കായ്

314.പൊതുമുതൽപരിപാലനനല്കി

315.ഒരുമിച്ചവരുടെ ഗുണപൂർത്തിക്കായ്

316.മറ്റുംനടപടി കൽപിച്ചു.

317.താൻ കല്പിച്ചൊരുനടപടിമുറകളി-

318.ലേതുംതെറ്റുകൾകൂടാതെ

319.താൻകല്പിച്ചഭരണക്കാരതു

---

(21) 296 മുതൽ 303(രണ്ടും ഉൾപ്പടെ) വരെ വരികൾ ചില പ്രതികളിൽ പാദങ്ങൾ കുറച്ചു താഴെ എഴുതും വിധം കാണുന്നു.

നാനൂറ്റിതൊണ്ണൂറുബ്രഹ്മക്ഷത്രിയരും

അപ്പോൾ വൈശ്യർ മൂവായിരമൊ-

ടെഴുനൂറ്റെമ്പതു ആളുകളും

ഇപ്പോൾ നാലായിരമൊടൊരുനു-

(22)305 ഈവിധമേൽജാതികളെല്ലാം

320.വെണ്മപെടുത്തിനടത്തുമ്പോൾ (23)
321.പലപലരാജ്യങ്ങളിലുംതന്നുടെ
322.അരുൾമാർഗ്ഗത്തിന്നറിയിപ്പാൽ
323.പലജാതികളെമിശിഹാപക്കൽ
324.ചേർത്തൊരുശ്ലീഹാമാർത്തോമ്മാ
325.എഴുപത്തുരണ്ടാംകർക്കടകത്തിൽ
326.മൂന്നാംദിവസം പുലർകാലെ
327.വഴിയാത്രകനായ താൻചേരുന്നിതു
328. മൈലാപ്പൂരിൽചിന്നമലക്കു
329.കളിക്കാവിൽപൂജയ്കായ്ചെ-
330.ന്നെബ്രാന്മാരുംഎതിർപെട്ടു
331.മൂളികൊണ്ടവർവൈരംതീർപ്പാൻ
332.തന്നെവളഞ്ഞിവചൊല്ലുന്നു
333.കാവിൽവണങ്ങാത്താളുകളാരും
334.ഇന്നീവഴിയേപൊയ്ക്കൂടാ
335. കാവിൽവണങ്ങുകയെങ്കിൽ നിനക്കും
336.ഭക്ഷണമെല്ലാംതന്നീടാം
337.ഉണക്കലരിഭോജനമാശിച്ചിട്ടീ-
338.സാത്താനെഞാൻ വണങ്ങുകയൊ?
339.വണക്കംചെയ്താൽകാവിന്നഴിയും
340.തീയാലെന്നായ് മാർത്തോമ്മാ
341 നിന്ദനിറഞ്ഞൊരുവചനത്തിൻനേർ
342.കണണമെന്നായെന്ത്ര)ന്മാർ
343.വന്ദനവലിയൊരുകാളിക്കാവിൽ
344.റൂശ്മാചെയ്തിതുമാർത്തോമ്മാ
345.പേനയെപ്പോൽകാളിയുമോടി

---

(23) 320 വെണ്മപെടുത്തിനടക്കുമ്പോൾ

കാവുംവെന്തിതുതീയാലെ
പേനായ്ക്കൾപോൽമദവെറിയോടെ
എംബ്രാന്മാരായവരെല്ലാം
പലനിഷ്ഠൂരതയോരോന്നെല്ലാം
മാർത്തോമ്മായോടവർചെയ്തു
വലിയൊരുശൂലമെടുത്തൊരുക്രൂരൻ
ബലമായ്നെഞ്ചിൽശ്ലീഹായെ
കുത്തികൊണ്ടവരോടിയൊളിച്ചു
എന്ബ്രന്മാരായവരെല്ലാം.
മാർത്തോമ്മാകടലോരക്കാട്ടിൽ
കല്ലിൽവീണുപ്രാർത്ഥിച്ചു.
മാലാകാമാരിവയെല്ലാമറി-
യിച്ചുപൗലോസ്മെത്രാനെ
പൗലോസ്മെത്രാനുംപെരുമാളും
അവരുടെപരിചാരകരെല്ലാം
ഓടിചെന്നവർകാളിക്കാവി-
ന്നരികേയുള്ളൊരുപാറക്കൽ (24)
വാടാമുറിവിൽകൊണ്ടൊരുശൂലം
ത്ധടുതിയിലൂരിമാർപൗലോസ്
ആറുതലിന്നായ്തേരതിലേറ്റി-
പ്പോരുവതിന്നായ്തുനിയുമ്പോൾ
ആറുതൽവേണ്ടാഭാഗ്യമടുത്തു
എന്നായുടനെമാർത്തോമ്മാ
വെളിവാൽച്ചൂഴുംപീഢിതനായി
തന്നെകണ്ടൊരുകൂട്ടങ്ങൾ
തെളിവാൻതക്കവിധത്തിന്നാദര- (25)

---

(24) 362-ന്നെതിരെ യുള്ളൊരു പാറക്കൽ

(25) 371 വെളിവാൽ തക്കവിധത്തിന്നാദര-

372 വെല്ലാമരുളിമാർത്തോമ്മാ

373 മൂന്നരനാഴികപകലാംവരെയും

374 പലവകവേണ്ടുംവിധമെല്ലാം

375 മന്നവരോട് കല്പിച്ച്ചയ്യോ

376 കാലംചെയ്തിതുമാർത്തോമ്മ

377 വെള്ളപ്രാവിനു തുല്യമൊരാത്മം

378 പരമാനന്ദമഹത്വമതായ്

379 വെള്ളയണിഞ്ഞൊരരൂപികളോടെ

380 ആകാശത്തിൽകയറുന്നു

381 നലമൊടുപലവകകിന്നരമഴകാൽ

382 നന്തുണിയുംകുഴൽവീണകളും

383 പലമൊഴിയൊത്തൊരുസ്തുതിചെയ്തുടനെ

384 പെരുമാളന്മാർദേഹത്തെ

385 ബഹുമതിയവരുടെവശമായതുപോൽ

386 ചെയ്തുംകൊണ്ടവർപോയിട്ടു

387 മഹിമാപെരുത്തൊരുതൻദേഹത്തെ

388 പള്ളിയകത്തവർസ്ഥാപിച്ചു

389 വാഴുകൾനേടുവതിന്നവരെല്ലാം

390 ആരാധനയ്ക്കായ് പ്രാർത്ഥിച്ചു

391 ഉഷർകാലത്തവർ ക്ലേശത്തോടെ

392 എല്ലാജനവുംപിൻവാങ്ങി

393 മരണവിശേഷം മാലാകായറി -

394 യിച്ചുകേപ്പമെത്രാനെ (26)

395 കരവഴിയാത്രധ്യതഗതിയാലെ

396 മൈലാപ്പൂരിനുനിയമിച്ചു

397 മാലൊടുതാൻമാളിയക്ക, കടപ്പൂർ

-------------------------------------------

(26) 393 മരണവിശേഷം മാലാകാമാർ

394 അറിയിച്ചുകേപ്പാമെത്രാനും

398 ഇരുറമ്പാന്മാരുമായി

399 ചേലൊടുകർക്കടമിരുപത്തൊന്നിൽ

400 ഇവരുംദേവാലയമതിലായി

401 ഇരുമേല്പട്ടക്കാരും അവരുടെ

402 പട്ടക്കാരുംകൂട്ടവുമായ്

403 ഒരുമിച്ചോരോജപധ്യാനാദികൾ

404 ഓരോവിധമാംപൂജകളും

405 ഒരുപത്തുദിവസംവരെയുംനിഷ്ഠകൾ

406 മുറിയാതായോർചെയ്യുമ്പോൾ

407 പെരിയൊരുപ്രത്യക്ഷംതാനപ്പോൾ

408 അവരിൽചെയ്തിതുമാർത്തോമ്മാ

409 സ്വർണ്ണമയംപോലുള്ളൊരുവെളിവുകൾ

410 ഇവർ മേലെല്ലാം വീശുന്നു

411 മണ്ണിൽപറവാൻവശമല്ലാത്തൊരു

412 വിണ്ണാലയമവർകാണുന്നു (27)

413 ചെലൊടുമുൻതാൻകണ്ടതിതെന്നു

414 പൗലോസുമെത്രാൻപറയുന്നു

415 നലമൊടുപലവിധസംഗീതങ്ങൾ

416 എല്ലാജനവുംകേൾക്കുന്നു

417 അതിനുടെമഹിമകൾവർണ്ണിപ്പാനീ

418 മാനുഷർപോരാതാകുന്നു

419 അതിലങ്ങൊരുസിംഹസനമതിലായ്

420 മാർത്തോമ്മാതാൻവാഴുന്നു

421 അമ്പൊടുപലവകഗുണദോഷങ്ങൾ

422 ഇവരോടുതാനരുളുന്നു

423 വമ്പായപലവകചെമ്മോർത്തുകളും

---

(27) 411 വർണ്ണം ചൊൽവാൻ വശമാല്ലത്തൊരു

412 പത്മാലയമിവർകാണുന്നു

424 എന്നാളിനുമായ് നൽകുന്നു. (28)

425 എന്നുടെമരണംഓർക്കുംമക്കൾ-

426 ക്കെന്നാൽനന്മകളുണ്ടാകും

427 എന്നുടെകവറിൽവന്ദനംചെയവോ

428 ർക്കെല്ലാം നന്മകൾഞാൻചെയ്യും

429 ഇവകളെയെല്ലാമരുളിയശേഷം

430 കാഴ്ചകൾമാറിതെളിവോടെ

431 അവരവരോടരുളിച്ചെയ്തതുപൊൽ

432 എല്ലാജനവും പിൻവാങ്ങി.

433 വമ്പോടുതോമ്മാഹെന്ദോമതൊക്കയിൽ

434 മാർഗ്ഗംനല്കിയവൃത്താന്തം

435 അംബാൽമാളിയേക്കൽരണ്ടാംതോമ്മാ

436 റമ്പാൻചെയ്തൊരുചരിതമതിൽ

437 വിരിവുകൾമാറ്റീട്ടെളുതായീവിധ-

438 മെളിയവരറിവാൻപാടിയൊരു

439 വിരുതുകൾകുറയുംനാല്പത്തെട്ടാം

440 അയാളുടെ പിതൃവാംതോമ്മാമേൽ (29)

441 ശക്തിനിറഞ്ഞോൻതോമ്മാശ്ലീഹാ

442 നന്മകൾചെയ് വാനീചരിതം

443 ഭക്തിയോടങ്ങെപാദത്തുങ്കൽ

444 വച്ചിതുകാഴ്ചയതിന്നറിവ്

445 ഒരായിരമൊടറുന്നൂറ്റോന്നാം (30)

446 കർക്കടകംമൂന്നാംദിവസം

447 ആരാധനയോടിവയെല്ലാരും

448 അറിവാൻദൈവംകൃപചെയ്ക.

-----------------------------------------------

(28) 424 എന്നാളിലുമായ് നൽകുന്നു.

(29) 439, 440 ചില പ്രതികളിൽ " നാല്പത്തെട്ടാം അയാളുടെ പിതൃവാം" എന്ന വാക്കുകളെ ഉപേക്ഷിച്ചു " വിരുതുകൾ കുറയും തോമ്മാമേൽ " എന്ന ഒരു പാദം മാത്രമായി കാണുന്നു.

(30) 446 കർക്കടകം ഒന്നാം ദിവസം


മാർ വാലാഹ്
എന്നാനാ ഉർഹാ വശ്റാറാ ഉഹദ്ദേ
നേസൽ ആപ്ഹനൻ ന്മൂസ് അമ്മേ
ഹെന്ദോയിലെ മലങ്കര മാർത്തോമ്മാ
നസ്രാണികൾക്കു വേണ്ടി സ്ഥാപിതം.
സുറിയാനി പഠിക്കാനും സുറിയാനിയിൽ
പ്രാർത്ഥിക്കാനും വേണ്ടി ഒരു സ്ഥാപനം
അതാണ് ബേസ് അപ്രേം നസ്രാണിദയറ.